"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ്- പോലീസ് ജീവനക്കാര്യം- കണ്ണൂർ റൂറൽ ജില്ലയിൽ നാല് തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഒരു പുതിയ ഫിംഗർ പ്രിന്റ് ബ്യൂറോ ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (കെ) വകുപ്പ്**

സ.ഉ.(കൈ) നം.46/2026/HOME തീയതി,തിരുവനന്തപുരം, 02-03-2026

---

പരാമർശം:-

1. സ.ഉ (സാധാ) നം.2823/2018/ആഭ്യന്തരം തീയതി 01.10.2018
2. സ.ഉ (കൈ) നം.. 175/2020/ആഭ്യന്തരം തീയതി 18.09.2020
3. സംസ്ഥാന പോലിസ് മേധാവിയുടെ 30.06.2025- ലെ S4(a) 242963/2024/PHQ നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ പോലീസ് ജില്ലയെ കണ്ണൂർ സിറ്റി, കണ്ണൂർ റൂറൽ എന്നിങ്ങനെ വിഭജിക്കാൻ പരാമർശം (1) പ്രകാരം സർക്കാർ അനുമതി നൽകിയതിനെ തുടർന്ന് പരാമർശം (2) പ്രകാരം, 02.01.2021 മുതൽ പുതിയ ജില്ലാ പോലീസ് മേധാവിയുടെ നിയമനത്തോടെ കണ്ണൂർ റൂറൽ പോലീസ് യൂണിറ്റ് നിലവിൽ വന്നുവെങ്കിലും കണ്ണൂർ റൂറലിൽ ഫിംഗർ പ്രിന്റ് ബ്യൂറോ നിലവിലില്ലാത്തതിനാൽ, കണ്ണൂർ സിറ്റി ജില്ലാ ഫിംഗർ പ്രിന്റ് ബ്യൂറോയാണ് നിലവിൽ കണ്ണൂർ സിറ്റി, കണ്ണൂർ റൂറൽ, പുതുച്ചേരി യൂണിയൻ പ്രദേശമായ മാഹി എന്നിവിടങ്ങളിലെ മുഴുവൻ ഫിംഗർ പ്രിന്റ് സംബന്ധമായ ജോലികൾ നിർവഹിക്കുന്നതെന്നും ഈ സാഹചര്യത്തിൽ കണ്ണൂർ റൂറലിൽ പ്രത്യേകം ജില്ലാ മൊബൈൽ ഫോറൻസിക് യൂണിറ്റും ഫിംഗർ പ്രിന്റ് ബ്യൂറോയും സ്ഥാപിക്കുന്നത് അനിവാര്യമാണെന്നും സംസ്ഥാന പോലീസ് മേധാവി പരാമർശം (3) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

2. ഫിംഗർ പ്രിന്റ് ബ്യൂറോ സംസ്ഥാനത്തിലെ പ്രധാന ശാസ്ത്രീയ കുറ്റാന്വേഷണ വിഭാഗങ്ങളിലൊന്നാണ് എന്നും ഓരോ പോലീസ് ജില്ലയ്ക്കും ഫിംഗർ പ്രിന്റ് യൂണിറ്റിന്റെ സേവനം അനിവാര്യമാണ് എന്നും ക്രൈം സീൻ പരിശോധന, വിദഗ്ധാഭിപ്രായം, കോടതിദൗത്യം, ജയിൽ ടെസ്റ്റ്, ഇമിഗ്രേഷൻ ആവശ്യത്തിനുള്ള ഫിംഗർ പ്രിന്റ് അറ്റസ്റ്റേഷൻ, വിവിധ കോളേജുകളിലെ ഇന്റേൺ പരിശീലനം എന്നിവയിലൂടെ കണ്ണൂർ ജില്ലാ ഫിംഗർ പ്രിന്റ് ബ്യൂറോ വലിയ ജോലിഭാരമാണ് നേരിടുന്നതെന്നും അതോടൊപ്പം സ്റ്റാഫിന്റെ ക്ഷാമം നിലനിൽക്കുന്നതിനാൽ ആവശ്യമായ അംഗബലത്തിന്റെ പകുതിയിലും കുറവായ ജീവനക്കാരാണ് ഈ ചുമതലകൾ നിർവഹിക്കുന്നതെന്നും ടി. അമിതഭാരം പ്രവർത്തനത്തെ ഗൗരവമായി ബാധിച്ചിരിക്കുകയാണെന്നും അതിനാൽ കണ്ണൂർ റൂറലിൽ പ്രത്യേക ജില്ലാ ഫിംഗർ പ്രിന്റ് ബ്യൂറോ സ്ഥാപിക്കുന്നത് അത്യാവശ്യമാണെന്നും അതിനായി

ഒരു ടെസ്റ്റർ ഇൻസ്പെക്ടർ, രണ്ട് ഫിംഗർ പ്രിന്റ് എക്സ്പേർട്ട്, ഒരു ഫിംഗർ പ്രിന്റ് സെർച്ചർ എന്നീ തസ്തികകൾ സൃഷ്ടിക്കണമെന്നും അഭ്യർത്ഥിച്ച് സംസ്ഥാന പോലീസ് മേധാവി പരാമർശം (3) പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാ ഫിംഗർ പ്രിന്റ് ബ്യൂറോ ഇല്ലാത്ത ഏക പോലീസ് ജില്ല കണ്ണൂർ റൂറലായതിനാൽ ആയത് പരിഗണിച്ച്, കണ്ണൂർ റൂറൽ ജില്ലയിൽ ഒരു ടെസ്റ്റർ ഇൻസ്പെക്ടർ, രണ്ട് ഫിംഗർ പ്രിന്റ് എക്സ്പേർട്ട്, ഒരു ഫിംഗർ പ്രിന്റ് സെർച്ചർ എന്നീ നാല് തസ്തികകൾ സൃഷ്ടിച്ച് ഒരു പുതിയ ഫിംഗർ പ്രിന്റ് ബ്യൂറോ ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി , തിരുവനന്തപുരം.
ഡയറക്ടർ, ഫിംഗർ പ്രിന്റ് ബ്യൂറോ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ / ആഡിറ്റ്), തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (21.02.2026- ലെ (E.3300409): EXP-A3/447/2025-FIN പ്രകാരം)
പൊതുഭരണ (എസ്. സി) വകുപ്പ് (28.02.2026- ലെ ഇനം നം. 3771)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Smitha K P
സെക്ഷൻ ഓഫീസർ
Date: 02-03-2026 17:29:37

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 28-02-2026

ഫയൽ നം. കെ2/65/2026/ആഭ്യന്തരം.    ഇനം നം: 3771

വിഷയം : ആഭ്യന്തര വകുപ്പ് - കണ്ണൂർ റൂറൽ ജില്ലയിൽ 4 തസ്തികകളോടെ പുതിയ ഫിംഗർ പ്രിന്റ് ബ്യൂറോ സ്ഥാപിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

SO(K2) U 28/2/26

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

3771

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | |
|---|---|
| 1. ഫയൽ നമ്പർ | കെ2/65/2026- ആഭ്യന്തരം |
| 2. വകുപ്പ് | ആഭ്യന്തര (കെ) വകുപ്പ് |
| 3. വിഷയം | കണ്ണൂർ റൂറൽ ജില്ലയിൽ 4 തസ്തികകളോടെ പുതിയ ഫിംഗർ പ്രിന്റ് ബ്യൂറോ സ്ഥാപിക്കുന്നത്- സംബന്ധിച്ച്. |
| 4. മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 23/02/2026 |
| 5.(i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ?<br>(ii)സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾ ക്കൊള്ളിച്ചിട്ടുണ്ടോ? | അതെ<br>ഉണ്ട് |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7. കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ശ്രീമതി രശ്മി എ ആർ |
| 8. കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ.ബിശ്വനാഥ് സിൻഹ |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 24/02/2026 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 25/02/2026 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. പിണറായി വിജയൻ |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 26/02/2026 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 26/02/2026 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16.തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കണ്ണൂർ റൂറൽ പോലീസ് ജില്ലയിൽ ഒരു പുതിയ ഫിംഗർ പ്രിന്റ് ബ്യൂറോ സ്ഥാപിക്കുന്നതിനും അതിനായി നാല് തസ്തികകൾ, Tester Inspector- 1, Finger Print Expert-2, finger Print Searcher- 1 സൃഷ്ടിക്കുന്നതിനുമായി സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച നിർദ്ദേശവുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

2. G.O. (Rt) No. 2823/2018/Home തീയതി 01.10.2018 പ്രകാരം കണ്ണൂർ പോലീസ് ജില്ല കണ്ണൂർ സിറ്റിയും കണ്ണൂർ റൂറലുമായി വിഭജിക്കാൻ സർക്കാർ അനുമതി നൽകുകയും തുടർന്ന് G.O. (Ms) No. 175/2020/Home തീയതി 18.09.2020 പ്രകാരം 02.01.2021 മുതൽ പുതിയ ജില്ലാ പോലീസ് മേധാവിയുടെ നിയമനത്തോടെ കണ്ണൂർ റൂറൽ പോലീസ് യൂണിറ്റ് നിലവിൽ വന്നു. അനുവദിച്ചിരുന്ന സ്റ്റാഫുകളുടെ അംഗബലം വിഭജിച്ചുവെങ്കിലും പ്രധാനപ്പെട്ട വിംഗുകളായി ജില്ലാ മൊബൈൽ ഫോറൻസിക് യൂണിറ്റും ഫിംഗർ പ്രിന്റ് ബ്യൂറോയും വിഭജിക്കപ്പെട്ടിട്ടില്ല എന്നും സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിരിക്കുന്നു.

3. ഫിംഗർ പ്രിന്റ് ബ്യൂറോ സംസ്ഥാനത്തിലെ പ്രധാന ശാസ്ത്രീയ കുറ്റാന്വേഷണ വിഭാഗങ്ങളിലൊന്നാണ് എന്നും ഓരോ പോലീസ് ജില്ലയ്ക്കും ഫിംഗർ പ്രിന്റ് യൂണിറ്റിന്റെ സേവനം അനിവാര്യമാണ് എന്നും സംസ്ഥാന പോലീസ് മേധാവി വീണ്ടും റിപ്പോർട്ട് ചെയ്തിരുന്നു. കണ്ണൂർ റൂറലിൽ ഫിംഗർ പ്രിന്റ് ബ്യൂറോ നിലവിലില്ലാത്തതിനാൽ, കണ്ണൂർ സിറ്റി ജില്ലാ ഫിംഗർ പ്രിന്റ് ബ്യൂറോയാണ് നിലവിൽ കണ്ണൂർ സിറ്റി, കണ്ണൂർ റൂറൽ, പുതുച്ചേരി യൂണിയൻ പ്രദേശമായ മാഹി എന്നിവിടങ്ങളിലെ മുഴുവൻ ഫിംഗർ പ്രിന്റ് സംബന്ധമായ ജോലികളും നിർവഹിക്കുന്നതെന്നും ഈ സാഹചര്യത്തിൽ കണ്ണൂർ റൂറലിൽ പ്രത്യേകം ജില്ലാ മൊബൈൽ ഫോറൻസിക് യൂണിറ്റും ഫിംഗർ പ്രിന്റ് ബ്യൂറോയും സ്ഥാപിക്കുന്നത് അനിവാര്യമാണെന്നും സംസ്ഥാന പോലീസ് മേധാവി ശുപാർശ ചെയ്തിട്ടുണ്ട്. അതിനുപരിയായി, കണ്ണൂർ റൂറൽ കേസുകൾ മാത്രം കൈകാര്യം ചെയ്യുന്നതിനായി ജില്ലാ മൊബൈൽ ഫോറൻസിക് യൂണിറ്റിൽ നാല് സയന്റിഫിക് ഓഫീസർമാരെയും, കണ്ണൂർ സിറ്റി ഫിംഗർപ്രിന്റ് ബ്യൂറോയിൽ ഒരു ടെസ്റ്റർ ഇൻസ്പെക്ടർ, രണ്ട് ഫിംഗർപ്രിന്റ് എക്സ്പേർട്ടുകൾ, ഒരു ഫിംഗർപ്രിന്റ് സെർച്ചർ എന്നിവരെയും നിയമിക്കുന്നതും പരിഗണിക്കാവുന്നതാണെന്നും ഇതിലൂടെ ഫോറൻസിക് പരിശോധനകൾ സമയബന്ധിതമായും കാര്യക്ഷമമായും നടത്താൻ സാധിക്കുകയും, അന്വേഷണത്തിന്റെയും കുറ്റാന്വേഷണ നടപടികളുടെയും ഗുണമേന്മ മെച്ചപ്പെടുത്തുകയും ചെയ്യുന്നതാണ്.

4. ക്രൈം സീൻ പരിശോധന, വിദഗ്ധാഭിപ്രായം, കോടതിദൗത്യം, ജയിൽ ടെസ്റ്റ്, ഇമിഗ്രേഷൻ ആവശ്യത്തിനുള്ള ഫിംഗർ പ്രിന്റ് അറ്റസ്റ്റേഷൻ, വിവിധ

കോളേജുകളിലെ ഇന്റേൺ പരിശീലനം എന്നിവയിലൂടെ കണ്ണൂർ ജില്ലാ ഫിംഗർ പ്രിന്റ് ബ്യൂറോ വലിയ ജോലിഭാരമാണ് നേരിടുന്നതെന്നും അതോടൊപ്പം സ്റ്റാഫിന്റെ ക്ഷാമം നിലനിൽക്കുന്നതിനാൽ ആവശ്യമായ അംഗബലത്തിന്റെ പകുതിയിലും കുറവായ ജീവനക്കാരാണ് ഈ ചുമതലകൾ നിർവഹിക്കുന്നതെന്നും ടി. അമിതഭാരം പ്രവർത്തനത്തെ ഗൗരവമായി ബാധിച്ചിരിക്കുകയാണെന്നും അതിനാൽ കണ്ണൂർ റൂറലിൽ പ്രത്യേക ജില്ലാ ഫിംഗർ പ്രിന്റ് ബ്യൂറോ സ്ഥാപിക്കുന്നത് അത്യാവശ്യമാണെന്നും സംസ്ഥാന പോലീസ് മേധാവി അറിയിച്ചിരിക്കുന്നു.

5. സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തതനുസരിച്ച്, മുകളിൽപ്പറഞ്ഞ തസ്തികകൾ സൃഷ്ടിക്കുന്നതിലൂടെ സർക്കാരിന് ഉണ്ടാകുന്ന സാമ്പത്തിക ബാധ്യതയുടെ വിശദാംശങ്ങൾ താഴെപ്പറയുന്നതാണ്:

| Sl. No | Name of the posts | No of Posts | Pay | DA (15%) | HRA (6%) | Other Allowance | Total | For one month | For one year |
|---|---|---|---|---|---|---|---|---|---|
| 1 | Tester Inspector | 1 | 55200 | 8280 | 3312 | 220 | 67012 | 67012 | 804144 |
| 2 | Finger Print Expert | 2 | 50200 | 7530 | 3012 | 170 | 60912 | 121824 | 1461888 |
| 3 | Finger Print Searcher | 1 | 43400 | 6510 | 2604 | 140 | 52654 | 52654 | 631848 |
| | | | | | | | | | **28,97,880** |

6. ഈ വിഷയത്തിൽ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

Taking into account the fact that Kannur Rural is the only Police District without a District Finger Print Bureau 'Finance' agrees to start a new Finger Print Bureau at Kannur Rural with four posts, namely one Tester Inspector, two Finger Print Experts, and one Finger Print Searcher. Sanctioning is accordingly accorded for the creation of four posts.

AD is also informed that the proposal for District Forensic Science Laboratories can be considered only after rectifying the issues pointed out in the remarks dated 19/03/2023 in AD file No. Home K2/ 199/2021-Home.

This has the approval of Hon. Minister (Finance) .

7. ധനകാര്യ വകുപ്പ് അനുമതി നൽകിയ പ്രകാരം , കണ്ണൂർ റൂറൽ ജില്ലയിൽ ഒരു Tester Inspector, രണ്ട് Finger Print Expert, ഒരു finger Print Searcher എന്നീ തസ്തികകൾ ഉൾപ്പെടുത്തി ഒരു പുതിയ ഫിംഗർ പ്രിന്റ് ബ്യൂറോ ആരംഭിക്കുന്നതിന് അനുമതി നൽകാവുന്നതാണോ എന്ന കാര്യത്തിൽ ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവായി.

• • • • •

**തീരുമാനിക്കേണ്ട വിഷയം**

ജില്ലാ ഫിംഗർ പ്രിന്റ് ബ്യൂറോ ഇല്ലാത്ത ഏക പോലീസ് ജില്ല കണ്ണൂർ റൂറലായതിനാൽ ആയത് പരിഗണിച്ച്, കണ്ണൂർ റൂറൽ ജില്ലയിൽ താഴെപ്പറയുന്ന നാല് തസ്തികകൾ സൃഷ്ടിച്ച് ഒരു പുതിയ ഫിംഗർ പ്രിന്റ് ബ്യൂറോ ആരംഭിക്കുന്നതിന് അനുമതി നൽകാവുന്നതാണോ?

1. ടെസ്റ്റർ ഇൻസ്പെക്ടർ – 1
2. ഫിംഗർ പ്രിന്റ് എക്സ്പേർട്ട് – 2
3. ഫിംഗർ പ്രിന്റ് സെർച്ചർ – 1